"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ടിഡ - തലസ്ഥാന നഗര വികസന പദ്ധതി - ജി. ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച് ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക കക്ഷിയായ ശ്രീ. അനീഷിന് റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1670/2024/LSGD തീയതി, തിരുവനന്തപുരം, 10-09-2024**

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/11/2023-ലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.976/2024/ത.സ്വ.ഭ.വ, തീയതി 05/06/2024.

3. സ.ഉ.(സാധാ)നം.5497/2024/ധന, തീയതി 12/07/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 417/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുവില നിയമം സെക്ഷൻ 28 എ പ്രകാരം കക്ഷിയായ ശ്രീ. അനീഷ് സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 5,17,927/- രൂപ (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) അനുവദിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) ജി..ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 എ പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 5,17,927/- രൂപ (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) കക്ഷിയായ ശ്രീ. അനീഷിന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Caes (Plan Charged) എന്ന ശീർഷകത്തിൽ 5,18,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി..ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം -

എൻ.എച്ച്.ബൈപാസ് റോഡ് വികസനത്തിനായി, തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നം. 153/21-ൽഉൾപ്പെട്ട 0.15 ആർ സ്ഥലം ഏറ്റെടുത്തതിന് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 5,17,927/- രൂപ (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. അനീഷിന് (ശ്യാമള ഭവൻ, ആനയറ പി.ഒ., തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീ. അനീഷ്, ശ്യാമള ഭവൻ, ആനയറ പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഇ& ആർ.എസ്.എ./ആഡിറ്റ്) കേരളം, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ.& പി.ആർ.ഡി. (വെബ് & ന്യൂമീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/137/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 10-09-2024 17:24:14
സെക്ഷൻ ഓഫീസർ